**MV Act 1988**

1) ഇന്ത്യയിൽ നിലവിലുള്ള മോട്ടോർ വാഹന നിയമം പാസാക്കിയ വർഷം - 1988

2) മോട്ടോർ വാഹന നിയമം നിലവിൽ വന്ന വർഷം - 1989 ജൂലൈ 01

3) മോട്ടോർ വാഹന നിയമം പാസാക്കിയ സമയത്തെ കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രി - രാജേഷ് പൈലറ്റ് (രാജീവ് ഗാന്ധി മന്ത്രിസഭ)

(മോട്ടോർ വാഹന ഭേദഗതി) നിയമം 2019 പ്രകാരം 1988 ലെ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.)

4) ഭേദഗതി സമയത്ത് കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രി - നിതിൻ ഗഡ്കരി (നരേന്ദ്രമോദി മന്ത്രിസഭ).

മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് സെൻട്രൽ മോട്ടോർ വെഹിക്കിൾ റൂൾസ് 1989 നടപ്പിലാക്കി [CMVR 1989]. (ഈ നിയമം ഇന്ത്യ മുഴുവൻ ബാധകമാണ്.)

മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള ഗവൺമെന്റ് കേരള മോട്ടോർ വെഹിക്കിൾ റൂൾസ് 1989 നടപ്പിലാക്കി [KMVR 1989].

മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ :

- മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ
- ഡ്രൈവർമാർ/കണ്ടക്ടർമാർ എന്നിവർക്കുള്ള ലൈസൻസ്
- പെർമിറ്റുകളിലൂടെ മോട്ടോർ വാഹനങ്ങളുടെ നിയന്ത്രണം
- സ്റ്റേറ്റ് ട്രാൻസ്പോർട്ട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ

Aklearns

• ട്രാഫിക് നിയന്ത്രണം

• ഇൻഷുറൻസ്

• ബാധ്യത (Liability)

• കുറ്റകൃത്യങ്ങളും പിഴകളും

5) ലോക വൈദ്യുതവാഹന ദിനം - September 9

വാഹനങ്ങളുടെ തരം തിരിവുകൾ :

- ഭാരം വഹിക്കാനുള്ള ശേഷി അനുസരിച്ച് - LMV, MMV, HMV
- ഉപയോഗം അനുസരിച്ച് - Transport & non transport
- പെർമിറ്റിൻ്റെ തരം അനുസരിച്ച് - Auto rickshaw, contract carriage, (motor cab, maxi cab) stage carriage, educational institutional bus, private service vehicle, goods carriage

**ആർട്ടിക്കുലേറ്റഡ് വാഹനങ്ങൾ :**

• ആർട്ടിക്കുലേറ്റഡ് വാഹനങ്ങളെ നിർവചിച്ചിരിക്കുന്ന മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് - സെക്ഷൻ 2(2)

• വളവുകൾ നന്നായി തിരിയുന്നതിനായി സ്ഥിരമായോ താൽക്കാലികമായോ പിവറ്റഡ്ജോയിൻ്റുകളാൽ (Rotate a Single Axis) ബന്ധിപ്പിച്ച വാഹനങ്ങൾ.

• Sec 2(2) പ്രകാരം സെമി ട്രെയിലറുകളുമായി ബന്ധിപ്പിച്ച വാഹനങ്ങൾ ആണ് ആർട്ടിക്കുലേറ്റഡ് വാഹനങ്ങൾ.

**രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് :**

• രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ നിർവചനം രേഖപ്പെടുത്തിയിരിക്കുന്ന മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് - സെക്ഷൻ 2 (4)

Aplearns

• രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (RC book) എന്നാൽ അദ്ധ്യായം IV ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു മോട്ടോർ വാഹനം യഥാവിധി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതിന് ഒരു യോഗ്യതയുള്ള അധികാരി നൽകുന്ന സർട്ടിഫിക്കറ്റ്.

• നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാലാവധി - 15 വർഷം

• നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാലാവധി അവസാനിക്കുന്നതിന് 60 ദിവസം മുൻപ് മുതൽ രജിസ്ട്രേഷൻ പുതുക്കാം

• 0.25 Kw (250 w) ന് താഴെ അല്ലെങ്കിൽ 25 Km/hr ന് താഴെയുള്ള ഇലക്ട്രിക് സ്കൂട്ടറിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ല

• രജിസ്ട്രേഷൻ പുതുക്കിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പുതിയ രജിസ്ട്രേഷൻ കാലാവധി - 5 വർഷം

• ടെമ്പററി രജിസ്ട്രേഷൻ കാലാവധി - 30 ദിവസം

**ഗോൾഡൻ അവർ :**

- ഗോൾഡൻ അവറിൻ്റെ നിർവചനം രേഖപ്പെടുത്തിയിരിക്കുന്ന വകുപ്പ് - സെക്ഷൻ 2 (12 A)
- വാഹന അപകടം നടന്ന ആദ്യത്തെ ഒരു മണിക്കൂറിനെ ഗോൾഡൻ അവർ ആയി കണക്കാക്കുന്നു.

**മൊത്ത വാഹന ഭാരം :**

- മൊത്ത വാഹന ഭാരത്തെ നിർവചിച്ചിരിക്കുന്ന വകുപ്പ് - സെക്ഷൻ 2 (15)
- മൊത്ത വാഹന ഭാരം എന്നാൽ വാഹനത്തിന്റെ ഭാരത്തിന്റെയും രജിസ്ട്രേഷൻ അതോരിറ്റി സർട്ടിഫൈ ചെയ്തു

Ablearns

രജിസ്റ്റർ ചെയ്ത വാഹനത്തിന് അനുവദനീയമായ ലോഡിന്റെയും ആകെ തുക. (GVW - Gross Vehicle Weight)

- ഒരു ലൈറ്റ് മോട്ടോർ വാഹനത്തിൻ്റെ (LMV) പരമാവധി GVW (ഗ്രോസ് വെഹിക്കിൾ വെയിറ്റ്) - 7500Kg (7.5 sm)

- മീഡിയം മോട്ടോർ വാഹനം (MMV) -

7500kg മുതൽ 12000kg വരെ (7.5 ടൺ മുതൽ 12 ടൺ വരെ)

- ഹെവി മോട്ടോർ വാഹനം (HMV)-

GVW 12000kg (12 ടൺ) ൽ കൂടുതലുള്ള വാഹനം

**ഹെവി ചരക്ക് വാഹനം (Heavy Goods Vehicle) :**

- ഹെവി ചരക്ക് വാഹനങ്ങളെ കുറിച്ച് നിർവചിച്ചിരിക്കുന്ന വകുപ്പ് - സെക്ഷൻ 2 (16)

- മൊത്ത വാഹന ഭാരം 12000 kg ൽ (12 ടണ്ണിൽ) അധികമായ ചരക്ക് വാഹനങ്ങൾ അല്ലെങ്കിൽ അൺ ലാഡൻ വെയിറ്റ് (ULW) 12000kg ൽ കൂടിയ ട്രാക്ടറോ, റോഡ് റോളറോ എന്നർത്ഥമാക്കുന്നു.

**ഹെവി പാസഞ്ചർ വാഹനം ( Heavy Passenger Vehicle) :**

ഹെവി പാസഞ്ചർ വാഹനങ്ങളെക്കുറിച്ച് നിർവചിച്ചിരിക്കുന്ന വകുപ്പ് - സെക്ഷൻ 2(17)

മൊത്ത വാഹന ഭാരം 12,000 kg ൽ അധികമായ പബ്ലിക് സർവീസ് വാഹനം, പ്രൈവറ്റ് സർവീസ് വാഹനം, വിദ്യാഭ്യാസ സ്ഥാപനത്തിലെ ബസ്, ഒമ്നി ബസുകൾ

അല്ലെങ്കിൽ

അൺലാഡൻ വെയ്റ്റ് (ULW) 12000 kgൽ അധികമായ മോട്ടോർ കാറുകൾ എന്നിവ ഹെവി പാസഞ്ചർ വാഹനത്തിൽ ഉൾപ്പെടുന്നു.

Ablearns

**പൊതു സ്ഥലം :**

പൊതു സ്ഥലം എന്നതിൻ്റെ നിർവ്വചനം രേഖപ്പെടുത്തിയിരിക്കുന്ന വകുപ്പ് - **സെക്ഷൻ** 2(34)

പൊതു ജനങ്ങൾക്ക് പ്രവേശനമുള്ള റോഡ്, തെരുവ്, വഴി അല്ലെങ്കിൽ മറ്റ് സ്ഥലങ്ങൾ കൂടാതെ ഒരു സ്റ്റേജ് കാരിയേജിന് (ഒരു സ്ഥലത്ത് നിന്ന് ആൾ ക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും പെർമിറ്റ് അനുവാദം ഉള്ള വാഹനം) പ്രവേശനമുള്ള സ്റ്റാൻഡ്, സ്ഥലം എന്നിവ ഉൾപ്പെടുന്നു.

**ട്രാൻസ്പോർട്ട് വാഹനം :**

- ട്രാൻസ്പോർട്ട് വാഹനങ്ങളെക്കുറിച്ച് നിർവചിച്ചിരിക്കുന്ന വകുപ്പ് - **സെക്ഷൻ** 2(47)

<u>ട്രാൻസ്പോർട്ട് വാഹനങ്ങൾ ഏതൊക്കെ :</u>

•പബ്ലിക് സർവീസ് വാഹനം

•ചരക്ക് വാഹനം

•വിദ്യാഭ്യാസ സ്ഥാപനത്തിലെ ബസ്

•ആംബുലൻസ്

•ഫയർ ടെൻഡറുകൾ

•പൊതു സേവന വാഹനങ്ങൾ

<u>നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഏതൊക്കെ :</u>

•മോട്ടോർ കാർ

•ഫോർക്ക് ലിഫ്റ്റ്

•കാർഷിക ട്രാക്ടർ

Ablearns

- മോട്ടോർസൈക്കിൾ
- മൂന്ന് ചക്രവാഹനം (വ്യക്തിഗത ഉപയോഗം)
- നിർമ്മാണ ഉപകരണ വാഹനങ്ങൾ

Ablearns